പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1713

25.03.2013-ൽ മറുപടിക്ക്.

# ഗ്രാമീണ കോടതികളും സായാഹ്ന കോടതികളും സ്ഥാപിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഗ്രാമീണ കോടതികളും സായാഹ്ന കോടതികളും സ്ഥാപിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | : (എ) സംസ്ഥാനത്ത് 30 ഗ്രാമന്യായാലയങ്ങൾ തുടങ്ങുവാൻ അനുമതി നൽകുകയും ഇതിനുവേണ്ട റൂൾസ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമന്യായാലയങ്ങൾ റൂൾസ് 2012 ബഹു.ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. കൂടാതെ ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുന്നതിനായുള്ള കെട്ടിടങ്ങൾ കണ്ടെത്താൻ തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>13-ാം ധനകാര്യ കമ്മീഷന്റെ ഫണ്ടുപയോഗിച്ച് തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലാ ആസ്ഥാനങ്ങളിൽ ഓരോ സായാഹ്ന കോടതികൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത കോടതികളുടെ പ്രവർത്തനം സംസ്ഥാനത്തെ സാഹചര്യത്തിൽ വിജയകരമല്ല എന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സായാഹ്ന കോടതികൾക്ക് പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം അനുവദിച്ച ഫണ്ടുപയോഗിച്ച് എറണാകുളത്ത് 15, കൊല്ലത്ത് 5, തിരുവനന്തപുരത്ത് 3, തൃശ്ശൂരിൽ 1 എന്നിങ്ങനെ 24 സ്പെഷ്യൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികളും എൻ.ഐ.ആക്ട് സംബന്ധിച്ച കേസുകൾക്കായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ കോടതികളും ഉൾപ്പെടെ ആകെ 27 കോടതികൾ, താൽക്കാലികാടിസ്ഥാനത്തിൽ 3 വർഷത്തേയ്ക്ക് സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ട്. |

(മറുപുറം)

(ബി) ആലപ്പുഴ ജില്ലയിൽ എവിടെയെല്ലാമാണ് സായാഹ്ന കോടതികളും ഗ്രാമീണ കോടതികളും തുടങ്ങുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതെന്നും അവ എന്നുമുതൽ പ്രവർത്തനം ആരംഭിക്കുമെന്നും അറിയിക്കുമോ?

: (ബി) ആലപ്പുഴ ജില്ലയിൽ, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിലെ കഞ്ഞിക്കുഴിയിലും, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിലെ പുന്നപ്രയിലുമാണ് ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുള്ളത്. ഗ്രാമന്യായാലയങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടത് ഹൈക്കോടതിയാണ്.

സെക്ഷൻ ഓഫീസർ